# കേരള സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീഅലക്സാണ്ടർതോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 779/11/12/2023/റ്റി.വി.എം.**

ഹർജിക്കാരൻ : അഡ്വ. ദേവദാസ്.വി, ജ്യോതി നിവസ്,
താലാപ്, കണ്ണൂർ-670 001.

എതിർകക്ഷി:

**ഉത്തരവ്തിയതി : 06-01-2026**

കഴക്കൂട്ടം-കോവളം ബൈപ്പാസിൽ വാഴമുട്ടം ഭാഗത്ത് ബൈക്ക് റേസിംഗ് നടത്തിയ യുവാവും പ്രസ്തുത ബൈക്ക് ഇടിച്ച് വഴിയാത്രക്കാരിയും മരിച്ച സംഭവങ്ങളാണ് പരാതിവിഷയം.

2. പരാതിയിൽ കമ്മീഷൻ 5-11-2024 ലെപാസാക്കിയ ഇടക്കാല ഉത്തരവിനെ തുടർന്ന് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ (ഫോർട്ട്)സബ്ഡിവിഷൻ 04-04-2025 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. 29-01-2023 ന് കോവളം ഭാഗത്തുനിന്നും തിരുവല്ലം ഭാഗത്തേക്ക് അമിതവേഗത്തിൽ ഓടിച്ചു വന്ന ബൈക്ക് ഇടിച്ച് വഴിയാത്രക്കാരി സന്ധ്യ സംഭവ സ്ഥലത്തുവെച്ചും ടി ബൈക്ക് ഓടിച്ചിരുന്ന അരവിന്ദ് കിംസ് ആശുപത്രിയിൽ വെച്ചും മരണപ്പെട്ടെന്നും ക്രോസിംഗ് അനുവദനീയമല്ലാത്ത ഭാഗത്തുകൂടി റോഡ്മുറിച്ചു കടക്കാൻ ശ്രമിച്ച സന്ധ്യയെ ബൈക്ക് ഇടിക്കുകയായിരുന്നുവെന്നും ടി സംഭവത്തിലേക്ക് തിരുവല്ലം പോലീസ് സ്റ്റേഷനിൽ ക്രൈം 78/2023 u/s. 279 &.304 (A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ബൈക്ക് റേസിംഗാണ് അപകട കാരണമെന്ന് ആരോപണം ഉണ്ടായെങ്കിലും ബൈക്ക് അമിത വേഗതയിൽ ഓടിച്ചുവന്നതാണ് അപകടത്തിന് കാരണമായതെന്ന് വെളിവാകുന്നെന്നും തിരുവല്ലം ടോൾ പ്ലാസ മുതൽ വാഴമുട്ടം സിഗ്നൽവരെയുള്ള ഹൈവേറോഡിൻെറ മീഡിയനുകളിൽ ഫെൻസിംഗ്, സീബ്രാ ക്രോസ്ലൈൻ, വാഹനങ്ങൾക്കുള്ള മുന്നറിയിപ്പ് അടയാളങ്ങൾ സ്പീഡ് ബ്രേക്കറുകൾ, സ്പീഡ്ഹമ്പുകൾ എന്നിവ സ്ഥാപിച്ചാൽ മാത്രമെ അപകടങ്ങൾ കുറയ്ക്കാൻ സാധിക്കുകയുള്ളുവെന്നും അതിനാവശ്യമായ നിർദ്ദേശം നാഷണൽ ഹൈവേ അതോരിറ്റി ഓഫ് ഇൻഡ്യക്ക് നൽകണമെന്നും റിപ്പോർട്ടിൽപറയുന്നു.

3. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച ശേഷം കമ്മീഷൻ 05.06.2025 തീയതി ഒരു ഇടക്കാല ഉത്തരവ് പാസ്സാക്കിയിരുന്നു.

കമ്മീഷൻ പാസ്സാക്കിയ ഇടക്കാല ഉത്തരവിനെ തുടർന്ന് പ്രോജക്ട് ഡയറക്ടർ National Highway Authority of India 12.11.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. തിരുവല്ലം ടോൾ പ്ലാസയ്ക്കും വാഴമുട്ടത്തിനും ഇടയ്ക്ക് രണ്ട് പ്രധാന ജംഗ്ഷനുകൾ ഉണ്ടെന്നും സുരക്ഷിതവും കാര്യക്ഷമവുമായ ഗതാഗതം സുഗമമാക്കുന്നതിനായി സിഗ്നൽ ബോർഡുകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ടെന്നും Junction Ahead, Stop, Speed Limit തുടങ്ങിയ മുന്നറിയിപ്പ് ബോർഡുകൾ നിർദ്ദിഷ്ട ദൂരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട് സൈറ്റ് പരിശോധന നടത്തിയിട്ടുള്ളതായും അപകടത്തിന്റെ പ്രാഥമിക കാരണം മോട്ടോർ യാത്രക്കാരന്റെ അമിത വേഗതയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

4. പരാതി പരിഗണനക്കെടുത്ത 06.01.2026 തീയതി പരാതികക്ഷി ഹാജരായിട്ടില്ല. ആക്ഷേപവും സമർപ്പിച്ചിട്ടില്ല. എന്നാൽ പൊതുതാത്പര്യ പ്രകാരമുള്ള പരാതിയായതിനാലാണ് ഇക്കാര്യത്തിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. കഴക്കൂട്ടം-കോവളം ബൈപ്പാസിൽ തിരുവല്ലം ടോൾ പ്ലാസ മുതൽ വാഴമുട്ടം ഭാഗങ്ങളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഫോർട്ട് അസിസ്റ്റന്റ് പോലീസ് കമ്മീഷണറും, National Highway Authority of India പ്രോജക്ട് ഡയറക്ടറുടെ പ്രതിനിധിയും ഒരു ജോയിന്റ് ഇൻസ്പക്ഷൻ നടത്തേണ്ടതാണ് .പ്രസ്തുത ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരന്തരമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഹർജിക്കാരനും ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കും Project Director, National Highway Authority of India, Palkulangara, Thiruvananthapuramനും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർതോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ